**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5323** **21-07-2022 - ൽ മറുപടിയ്ക്ക്**

**സെറിബ്രൽ പാൾസി ഭിന്നശേഷിക്കാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | 2016-ൽ നിലവിൽ വന്ന ഭിന്നശേഷി ആക്റ്റ് സംസ്ഥാനത്ത് പ്രാബല്യത്തിലായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | 2016-ലെ ഭിന്നശേഷി അവകാശ നിയമം കേന്ദ്ര സർക്കാരിന്റെ 26.12.2016-ലെ വിജ്ഞാപനം പ്രകാരം കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് ബാധകം ആക്കിയിട്ടുണ്ട്. കൂടാതെ G.O.(P) No. 3/2020/SJD dated 28.03.2020 പ്രകാരം പ്രസ്തുത നിയമ പ്രകാരമുള്ള ചട്ടങ്ങൾ രൂപീകരിച്ചിട്ടുള്ളതുമാണ്. |
| (ബി) | സെറിബ്രൽ പാൾസി ഭിന്നശേഷിക്കാർക്ക് സർക്കാർ സർവ്വീസിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ സംവരണാടിസ്ഥാനത്തിൽ ഇതുവരെ നിയമനം നൽകിയ സെറിബ്രൽ പാൾസി ഭിന്നശേഷിക്കാരുടെ എണ്ണം വ്യക്തമാക്കാമോ? | (ബി) | 1995-ലെ ഭിന്നശേഷി അവകാശനിയമ പ്രകാരമുള്ള സംവരണത്തിൽ സെറിബ്രൽ പാൾസി വിഭാഗത്തിന് ലോക്കോമോട്ടോർ ഡിസെബിലിറ്റി വിഭാഗത്തോടൊപ്പം 1% സംവരണം നിലവിലുണ്ടായിരുന്നു. RpWD Act 2016 പ്രകാരം അനുവദിച്ചിട്ടുള്ള 4% സംവരണത്തിലും സെറിബ്രൽ പാൾസി/ലോക്കോമോട്ടോർ ഭിന്നശേഷി വിഭാഗക്കാർക്ക് നിയമനത്തിൽ 1% സംവരണം അനുവദിച്ചിട്ടുണ്ട്. സെറിബ്രൽ പാൾസി വിഭാഗത്തിന് ലോക്കോമോട്ടോർ ഡിസെബിലിറ്റി വിഭാഗവുമായി ചേർന്ന് നിലവിൽ 1% സംവരണം നൽകി വരുന്നുണ്ട്. PSC മുഖേന ഇതുവരെ നിയമനം ലഭിച്ച സെറിബ്രൽ പാൾസി വിഭാഗത്തിലുള്ള ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ